ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 02.05.2026**

## പ്രധാനവാർത്തകൾ

1. പശ്ചിമ ബംഗാളിലെ വോട്ടെണ്ണൽ മേൽനോട്ടത്തിനായി കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനെതിരെ തൃണമൂൽ കോൺഗ്രസ് നൽകിയ ഹർജി സുപ്രീംകോടതി തള്ളി.

2. കേരളം ആര് ഭരിക്കുമെന്ന് മറ്റന്നാളറിയാം; നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി.

3. സംസ്ഥാനത്ത് മൂന്നു മുന്നണികളും ശുഭപ്രതീക്ഷയിൽ; കോട്ടകൾ ഭദ്രമെന്ന് എൽഡിഎഫും യുഡിഎഫും; കടന്നു കയറാനാകുമെന്ന് പ്രതീക്ഷയിൽ എൻ ഡി എ.

4. മൊബൈൽ അധിഷ്ഠിത ദേശീയ ദുരന്ത ജാഗ്രതാ സംവിധാനത്തിന് ഇന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ തുടക്കം കുറിക്കും.

5. സംസ്ഥാനത്ത് ഇന്ന് വേനൽമഴയ്ക്ക് സാധ്യത. 8 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും.

&&&&&&&&&&&&&&&&&

RNU TVPM

ഹർജി സുപ്രീംകോടതി തള്ളി

പശ്ചിമ ബംഗാളിലെ വോട്ടെണ്ണൽ മേൽനോട്ടത്തിനായി കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനെ ചോദ്യം ചെയ്ത് തൃണമൂൽ കോൺഗ്രസ് നൽകിയ ഹർജി സുപ്രീംകോടതി തള്ളി. കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ നിയമിച്ച തിരഞ്ഞെടുപ്പ് കമ്മിഷൻ നടപടി നിയമവിരുദ്ധമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജി തള്ളിയത്. ജസ്റ്റിസ് പി.എസ്. നരസിംഹ, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്.

&&&&&&&&&&&&&

വോട്ടെണ്ണലിന്റെ നടപടിക്രമങ്ങൾ (ഇൻട്രോ)

നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി. മറ്റന്നാൾ ആണ് വോട്ടെണ്ണൽ.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

&&&&&&&&&&&&&

ആര് ഭരിക്കും

വോട്ടെണ്ണലിന് മുന്നോടിയായുള്ള നടപടിക്രമങ്ങൾ പൂർത്തിയായെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ അറിയിച്ചു. സുരക്ഷാ കാരണങ്ങളാൽ കേന്ദ്രമന്ത്രിമാർ, സംസ്ഥാന മന്ത്രിമാർ, എന്നിവരെ കൗണ്ടിങ് ഏജന്റുമാരായി നിയമിക്കാൻ പാടില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർ നിർദ്ദേശിച്ചു.

&&&&&&&&&&&&&

ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ 9 നിയോജകമണ്ഡലങ്ങളാണ് ഉള്ളത്. വോട്ടെണ്ണലിന് ഒരുക്കങ്ങൾ പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ..

(വോയ്സ്)

&&&&&&&&&&&&&

RNU TVPM

## ആകാശവാണി

നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ദിനത്തിൽ, ആധികാരികവും കൃത്യവുമായ വിവരങ്ങൾ തത്സമയം ശ്രോതാക്കളിലെത്തിക്കാൻ ആകാശവാണി വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. വോട്ടെണ്ണൽ ദിനമായ മറ്റന്നാൾ, രാവിലെ 9 മണി മുതൽ രാത്രി 8.35 വരെ പതിവ് വാർത്താ പ്രക്ഷേപണത്തിന് പുറമേ ഓരോ മണിക്കൂർ ഇടവിട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകളും തിരഞ്ഞെടുപ്പ് വിശകലന പരിപാടികളും ആകാശവാണി പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&

## മികച്ച ഗ്രാമപഞ്ചായത്തുകൾ

രാജ്യത്ത് മികച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണത്തിൽ ത്രിപുര ഒന്നാമതെത്തി. കേരളം രണ്ടാം സ്ഥാനത്തുണ്ട്. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയം പുറത്തുവിട്ട റിപ്പോർട്ടിലാണ് കണ്ടെത്തൽ. ആരോഗ്യം, വിദ്യാഭ്യാസം, ദാരിദ്ര്യനിർമാർജനം, ജലസേചനം, ശുചിത്വം, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം എന്നീ ഘടകങ്ങൾ പരിഗണിച്ചാണ് റാങ്കിങ്. ത്രിപുരയിലെ 943 ഗ്രാമപഞ്ചായത്തുകൾ എ ഗ്രേഡ് കരസ്ഥമാക്കി. കേരളത്തിൽ 95 പഞ്ചായത്തുകൾക്ക് എ ഗ്രേഡുണ്ട്

RNU TVPM

&&&&&&&&&&&&&

## സെൻസസ്

2027 ലെ സെൻസസിന്റെ ഒന്നാം ഘട്ടത്തിൽ, ഭവന ലിസ്റ്റിംഗിനും ഭവന സെൻസസിനും ഉള്ള പ്രവർത്തനങ്ങൾ ഊർജ്ജിതം. ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ഹരിയാന, ചണ്ഡീഗഢ്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇന്നലെ ആരംഭിച്ചു. മെയ് 30 വരെ പ്രക്രിയ തുടരുമെന്നും പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ഡാറ്റ ശേഖരണത്തിനായി ഗൃഹസന്ദർശനം നടത്തുമെന്നും ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&

## ദുരന്ത ജാഗ്രതാ സംവിധാനം

മൊബൈൽ അധിഷ്ഠിത ദേശീയ ദുരന്ത ജാഗ്രതാ സംവിധാനത്തിന് ഇന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ തുടക്കം കുറിക്കും. ടെലികമ്യൂണിക്കേഷൻ വകുപ്പ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നാണ് സംവിധാനം വികസിപ്പിച്ചത്. ദുരന്ത സാഹചര്യങ്ങളിൽ തത്സമയം വിവരങ്ങൾ മൊബൈലിലൂടെ ലഭ്യമാകും. സുനാമി, ഭൂകമ്പം, ഇടിമിന്നൽ, എന്നിവയടക്കം ദുരന്ത സാഹചര്യങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന സംവിധാനം നാളെ മുതൽ രാജ്യവ്യാപകമായി ലഭിച്ചുതുടങ്ങും. 19 ഇന്ത്യൻ ഭാഷകളിൽ സന്ദേശങ്ങൾ ലഭ്യമാകും.

&&&&&&&&&&&&&

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

മലപ്പുറം പാങ്ങ് ഗവ: യു.പി സ്കൂളിലെ അധ്യാപകരും ജീവനക്കാരും അവരുടെ ചില കുടുംബാംഗങ്ങളും സഞ്ചരിച്ചിരുന്ന വാഹനം മറിഞ്ഞ് അപകടം സംഭവിച്ച വാൽപ്പാറ ദുരന്തത്തിൽ സഹായധനം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മരണമടഞ്ഞ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത അഞ്ച് പേരുടെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപ നൽകും.

&&&&&&&&&&&&&

## മുന്നണികൾ ശുഭപ്രതീക്ഷയിൽ

സംസ്ഥാനത്ത് മൂന്നു മുന്നണികളും ശുഭപ്രതീക്ഷയിൽ. എക്സിറ്റ് പോൾ പ്രവചനങ്ങളിൽ മുന്നിലെത്താനായത് യുഡിഎഫിന്റെ പ്രതീക്ഷ വർധിപ്പിച്ചിട്ടുണ്ട്. ഭരണ തുടർച്ച ഉറപ്പെന്ന

RNU TVPM

ആത്മവിശ്വാസത്തിലാണ് എൽഡിഎഫ് ക്യാമ്പ്. വലിയ മുന്നേറ്റമുണ്ടാകുമെന്ന കണക്കുകൂട്ടലിലാണ് ബിജെപി.

**&&&&&&&&&&&&&**

കോഴിക്കോട് (ഇൻട്രോ)

സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായ മത്സരം നടന്ന കോഴിക്കോട് ജില്ലയിലെ, തെരഞ്ഞെടുപ്പ് ഫലത്തെ ആകാംക്ഷയോടെയാണ് കേരളം ഉറ്റുനോക്കുന്നത്. മൂന്ന് മുന്നണികളും പ്രതീക്ഷയർപ്പിക്കുന്ന ജില്ലയിൽ ഓരോ മണ്ഡലത്തിലേയും ജനവിധി, സംസ്ഥാന ഭരണത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കാൻ പര്യാപ്തമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.....**

(വോയ്സ്)

**&&&&&&&&&&&&&**

RNU TVPM

കാലാവസ്ഥ

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ വേനൽമഴയ്ക്ക് സാധ്യത. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിൽ മിതമായ മഴയ്ക്ക് സാധ്യതയുണ്ട്. മഴയ്ക്കൊപ്പം ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. നാളെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലും തിങ്കളാഴ്ച ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

**&&&&&&&&&&&&&**

ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും . ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ, രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ, ഡൽഹി ക്യാപിറ്റൽസ് - രാജസ്ഥാൻ റോയൽസിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.

**&&&&&&&&&&&&&**

## എഎഫ്സി അണ്ടർ—17

ചൈനയിൽ നടക്കുന്ന എഎഫ്സി അണ്ടർ—17 ഏഷ്യൻ കപ്പിൽ ഇന്ത്യ ഇന്ന് ആദ്യ പോരാട്ടത്തിനിറങ്ങുന്നു. കരുത്തരായ ഓസ്ട്രേലിയയാണ് എതിരാളികൾ. 2005ന് ശേഷം ആദ്യമായാണ് ഈ വിഭാഗത്തിൽ ഇന്ത്യ ഏഷ്യൻ കപ്പിന് യോഗ്യത നേടുന്നത്. ഒരേ വർഷം മൂന്ന് വിഭാഗങ്ങളിലും യോഗ്യത നേടുന്ന അപൂർവ്വ നേട്ടവും ഇന്ത്യൻ വനിതാ ഫുട്ബോൾ സ്വന്തമാക്കി. സീനിയർ ടീമും അണ്ടർ—20 ടീമും ഈവർഷം ഏഷ്യൻ കപ്പിൽ പങ്കെടുത്തിരുന്നു.

**&&&&&&&&&&&&&**

## ഇഷാങ്ക് സിംഗ്

ജാർഖണ്ഡിൽ നിന്നുള്ള ഏഴുവയസ്സുകാരൻ ഇഷാങ്ക് സിംഗ്, പാക്ക് കടലിടുക്ക് കടന്ന ഏറ്റവും പ്രായം കുറഞ്ഞ നീന്തൽക്കാരനെന്ന ബഹുമതി നേടി. ശ്രീലങ്കയ്ക്കും ഇന്ത്യയ്ക്കും ഇടയിലുള്ള 29 കിലോമീറ്റർ ദൂരം, 9 മണിക്കൂർ 50 മിനിറ്റെന്ന റെക്കോർഡ് സമയത്തിനുള്ളിൽ പൂർത്തിയാക്കിയാണ് ഇഷാങ്ക് ഈ നേട്ടം കൈവരിച്ചത് . യൂണിവേഴ്സൽ റെക്കോർഡ്സ് ഫോറം ഈ നേട്ടം ഔദ്യോഗികമായി അംഗീകരിച്ചു.

RNU TVPM

**&&&&&&&&&&&&&**

## കൊട്ടിയൂർ - പ്രക്കൂഴം ആരംഭിച്ചു

കണ്ണൂർ കൊട്ടിയൂർവൈശാഖ മഹോത്സവത്തിന്റെ, ചടങ്ങുകൾ നിശ്ചയിക്കുന്ന, പ്രക്കൂഴം ആരംഭിച്ചു. ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലാണ്, ചടങ്ങ് നടക്കുന്നത്. ഒറ്റപ്പിലാൻ, പുറംകലയൻ, ആശാരി പെരുവണ്ണാൻ, കൊല്ലൻ, കണിശൻ കാടൻ, കുറിച്ച്യൻ തുടങ്ങിയ വിഭാഗക്കാരാണ്, ചടങ്ങിൽ പങ്കെടുക്കുന്നത്. ഈ മാസം 28 മുതൽ, ജൂൺ 24 വരെയാണ് കൊട്ടിയൂർ വൈശാഖ മഹോത്സവം

**&&&&&&&&&&&&&**

## സർവീസ് പുനരാരംഭിച്ചു

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ദോഹ, ദുബായ് എന്നിവിടങ്ങളിലേക്കുള്ള സർവീസ് പുനരാരംഭിച്ചു. ഞായർ, ചൊവ്വ

ഒഴികെയുള്ള ദിവസങ്ങളിൽ ദോഹയിലേക്കും, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ ദുബായിലേക്കും, വ്യാഴം ശനി ദിവസങ്ങളിൽ ബഹറിനിലേക്കും സർവീസ് ഉണ്ടാകും.

&&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNU TVPM